**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1252** **19-06-2024 - ൽ മറുപടിയ്ക്ക്**

**മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച മാവൂർ എൻ.ഐ.ടി. കൊടുവള്ളി റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ലഭ്യമാക്കിയ തീയതി അറിയിക്കാമോ; | (എ) | മാവൂർ എൻ. ഐ. ടി - കൊടുവള്ളി റോഡ് പ്രവൃത്തിക്ക് 10.07.2017 ലെ GO (Rt) No. 942/2017/PWD പ്രകാരം 25 കോടി രൂപയുടെ തത്ത്വത്തിലുള്ള ഭരണാനുമതിയും 15.02.2020 ൽ ഭൂമി ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ ഉൾപ്പടെ 52.20 കോടി രൂപയുടെ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. GO (Rt) No. 3263/2022/RD dated 01.08.2022 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള റവന്യൂ (ബി) ഓർഡർ ലഭിച്ചിട്ടുണ്ട്. ആയതിലേക്കുള്ള കണ്ടിജൻസി ചാർജിനത്തിൽ 13,53,377/- രൂപ 26.06.2023 തീയതിയിൽ കിഫ്ബിയിൽ നിന്നും നൽകിയത് റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി 17/01/2024 തീയ്യതിയിൽ പൂർത്തീകരിക്കുകയും റവന്യൂ അധികൃതരുമായുള്ള സംയുക്ത പരിശോധനക്ക് ശേഷം റവന്യൂ സർവേ നടന്നു കൊണ്ടിരിക്കുകയുമാണ്. |
| (ബി) | കെ.ആർ.എഫ്.ബി.യുടെ കീഴിലുള്ള പ്രസ്തുത റോഡ് വർഷങ്ങളായി മെയിന്റനൻസ് പോലും നടക്കാതെ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാവൂർ NIT കൊടുവള്ളി റോഡിൽ 2021 നും 2023 നും ഇടയിൽ 27 ലക്ഷം രൂപയുടെ മെയിന്റനൻസ് പ്രവൃത്തികൾ KRFB – PMU മുഖേന നടത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് റീ ടാറിംഗ് നടത്താനുള്ള പദ്ധതി എന്നാണ് അനുമതിയ്ക്കായി സമർപ്പിച്ചിട്ടുള്ളത്; ആയതിന് ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുത്താനിടയാക്കിയ കാരണങ്ങൾ വിശദമാക്കാമോ; | (സി) | പ്രസ്തുത റോഡിൽ മാവൂരിനും കട്ടാങ്കലിനും ഇടയിൽ കൂടുതൽ കേടുപാടുകൾ വരുന്ന ഭാഗത്ത് MSS ഓവർ ലേ ചെയ്യുന്നതിന് 80 ലക്ഷം രൂപയുടെ റെക്ടിഫിക്കേഷൻ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 06/02/2024 -ൽ കെ.ആർ.എഫ്.ബി-പിഎം.യു. കോഴിക്കോട് എക്സിക്യൂട്ടീവ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റോഡ് പ്രവൃത്തി ഉൾപ്പെടെ അടിയന്തിരമായി റോഡുകളുടെ അറ്റകുറ്റ പണി നടത്തുന്നതിന് 07/10/2023 ൽ കിഫ്ബിയോട് അധികഫണ്ട് |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിരുന്നു. എന്നാൽ അറ്റകുറ്റ പണികൾക്കായി കിഫ്‌ബിയിൽ നിന്നും അധിക ഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നത് അകാരണമായി നീണ്ടുപോകുന്ന പശ്ചാത്തലത്തിൽ പ്രസ്തുത തടസ്സം നീക്കുന്നതിന് റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി മന്ത്രിതല യോഗം വിളിച്ചു ചേർക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | നിലവിൽ കല്ലിടൽ പൂർത്തീകരിച്ച് റവന്യൂ സർവ്വേ പുരോഗമിച്ചു വരുന്നു. സർവേ പൂർത്തീകരിച്ചതിന് ശേഷം 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ